ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

നം.എ.ഡി.സി.6/14255/എച്ച്.എസ്.ഇ/2013 തീയതി : **09 /09/2013**

## <u>സർക്കുലർ</u>

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - 2013 - 2014 പൊതുസ്ഥലംമാറ്റം - സംബന്ധിച്ച്.

സൂചന :
1. 27/05/2009 ലെ ജി.ഒ.(പി) നം. 115/09/ജനറൽ.എഡ്യൂക്കേഷൻ നമ്പർ സർക്കാർ ഉത്തരവ്.
2. ഈ ഓഫീസിലെ 30/04/2013 ഇതേ നമ്പർ സർക്കുലർ.
3. 05/08/2013 ലെ ജി.ഒ.(എം.എസ്) നം. 226/13/ജനറൽ.എഡ്യൂക്കേഷൻ നമ്പർ സർക്കാർ ഉത്തരവ്.
4. 31/08/2013 ലെ ജി.ഒ.(എം.എസ്) നം. 246/13/ജനറൽ.എഡ്യൂക്കേഷൻ നമ്പർ സർക്കാർ ഉത്തരവ്.

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2013 - 2014 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് സൂചന (2) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. സൂചന (3) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ 330 ഹയർ സെക്കന്ററി (ജൂനിയർ) അദ്ധ്യാപക തസ്തികകൾ അപ്ഗ്രേഡ് ചെയ്യുകയും സൂചന (4) പ്രകാരം പുതുതായി 205 ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികകളും 448 ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുകയും ഉണ്ടായി. ഇതിന്റെ വിശദാംശങ്ങൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ എഡ്യൂക്കേഷൻ പോർട്ടലായ www.dhse.kerala.gov.in (അക്കാദമിക്)-ൽ ലഭ്യമാണ്. പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർക്ക് അതിനുള്ള അവസരം നൽകിയിരിക്കുന്നു. ഓൺലൈനായി ഇതിനോടകം അപേക്ഷ നൽകിയിട്ടുള്ള അദ്ധ്യാപകർക്കും തങ്ങളുടെ ഓപ്ഷനുകളിൽ മാറ്റംവരുത്താനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. അതിനായി എല്ലാ അദ്ധ്യാപകരും നൽകിയ അപേക്ഷകൾ റീസെറ്റ് ചെയ്തിരിക്കുകയാണ്. **അതിനാൽ സ്ഥലംമാറ്റ അപേക്ഷ നൽകിയ എല്ലാ അദ്ധ്യാപകരും തങ്ങളുടെ അപേക്ഷകൾ മാറ്റം വരുത്തിയോ/വരുത്താതെയോ തങ്ങളുടെ പ്രിൻസിപ്പൽമാർക്ക് ഫോർവേർഡ് ചെയ്യേണ്ടതാണ്.** അപേക്ഷ ഫോർവേർഡ് ചെയ്യുന്നതിനുമുൻപ് ചുവടെ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശ

ങ്ങൾ മനസ്സിലാക്കേണ്ടതാണ്. പോസ്റ്റ് അപ്ഗ്രഡേഷനെ തുടർന്ന് തസ്തികയിൽ തുടരാനാവാതെ വരുന്ന ഹയർ സെക്കന്ററി (ജൂനിയർ) അദ്ധ്യാപകർ നിർബന്ധമായും സ്ഥലംമാറ്റ അപേക്ഷ നൽകേണ്ടതാണ്. **സഹതാപാർഹ പരിഗണനയിൽ പുതുതായി അപേക്ഷകൾ സ്വീകരിക്കുന്നതല്ല. സ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ 25/09/2013 വൈകുന്നേരം 5 മണിക്ക് മുൻപായി പ്രിൻസിപ്പൽമാർ ഡയറക്ടറേറ്റിലേയ്ക്ക് ഫോർവേർഡ് ചെയ്യേണ്ടതാണ്.**

പൊതുസ്ഥലംമാറ്റത്തിന് അപേക്ഷകൾ സമർപ്പിക്കാവുന്ന വെബ്സൈറ്റ് www.hscap.kerala.gov.in\transfer.

## മാർഗ്ഗനിർദ്ദേശങ്ങൾ

1. ഓൺലൈനായി നേരത്തെ നൽകിയ അപേക്ഷകളിൽ മാറ്റം വരുത്താനാഗ്രഹമില്ലാത്തവർ മാറ്റം വരുത്താതെയും, മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നവർ മാറ്റം വരുത്തിയും അതാതു പ്രിൻസിപ്പൽമാർക്ക് അപേക്ഷ ഫോർവേർഡ് ചെയ്യേണ്ടതും തന്നിരിക്കുന്ന ഡേറ്റയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം പ്രിൻസിപ്പൽമാർ ആയത് ഡയറക്ടറേറ്റിലേയ്ക്ക് ഫോർവേർഡ് ചെയ്യേണ്ടതുമാണ്.
2. നേരത്തെ അപേക്ഷിച്ച അദ്ധ്യാപകർക്ക് സ്ഥലംമാറ്റം ആവശ്യമില്ലെങ്കിൽ അവർ അപേക്ഷ പ്രിൻസിപ്പാളിന് ഫോർവേർഡ് ചെയ്യുകയോ പ്രിൻസിപ്പാൾ ഡയറക്ടറേറ്റിലേയ്ക്ക് ഫോർവേർഡ് ചെയ്യുകയോ ചെയ്യേണ്ടതില്ല.
3. ജൂനിയർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സീനിയർ തസ്തികകൾ ആയിട്ടുള്ള സ്കൂളുകളിലെ പ്രസ്തുത വിഷയത്തിലുള്ള ജൂനിയർ അദ്ധ്യാപകർ നിർബന്ധമായും പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അദ്ധ്യാപകരെ ഒഴിവുകൾ ഉള്ള സ്കൂളുകളിലേയ്ക്ക് നിർബന്ധമായും സ്ഥലംമാറ്റി നിയമിക്കുന്നതാണ്.
4. ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകരുടെ സീനിയോറിറ്റി കണക്കാക്കുന്നത് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിമുതലാണ്. ജൂനിയർ തസ്തികയിൽ നിന്നും പ്രൊമോഷൻ ലഭിച്ച ചില അദ്ധ്യാപകർ ജൂനിയർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തി അനധികൃതമായി സീനിയോറിറ്റി നേടാൻ ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകരുടെ നിലവിലെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി ഉറപ്പാക്കി മാത്രമേ പ്രിൻസിപ്പൽമാർ പ്രസ്തുത

അപേക്ഷ ഡയറക്ടറേറ്റിലേയ്ക്ക് ഫോർവേർഡ് ചെയ്യാവൂ. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്ന അദ്ധ്യാപകനെതിരെയും അത്തരം അപേക്ഷകൾ ഡയറക്ടേറേറ്റിലേയ്ക്ക് ഫോർവേർഡ് ചെയ്യുന്ന പ്രിൻസിപ്പാളിനെതിരെയും നടപടികൾ സ്വീകരിക്കുന്നതും അത്തരം അദ്ധ്യാപകർ പൊതുസ്ഥലംമാറ്റ ലിസ്റ്റിൽ ഉൾപ്പെടുന്നപക്ഷം അവരുടെ സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതുമാണ്.

**ഹെൽപ്പ് ലൈൻ നമ്പർ 9497642728.** പ്രവൃത്തി ദിവസങ്ങളിൽ **രാവിലെ 10 മണിമതുൽ 5 മണിവരെ മാത്രം** വിളിക്കാവുന്നതാണ്.

**ഒപ്പ്/-**

**ഡയറക്ടർ**